# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2822 14/02/2013 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ഫാർമസി കോഴ്സുകൾ നടത്തുന്ന സ്വാശ്രയ കോളേജുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അടക്കമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) പ്രവേശന പരീക്ഷാ കമ്മീഷണർ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള അലോട്ട്മെന്റ് പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടി പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നത്. ഇപ്രകാരം ഫാർമസി കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം യഥാസമയം തന്നെ അനുവദിച്ച് വരുന്നു. |
| (ബി) പല സ്വാശ്രയ കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ യഥാസമയം തന്നെ അനുവദിച്ച് നൽകുന്നുണ്ട്. ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചാൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ